**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4042** **24.06.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.ഡി.കെ.മുരളി** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ; | (എ) | പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയസ്ഥാപനങ്ങളിലെ മെറിറ്റ് സീറ്റിലും പഠിക്കുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ട്യൂഷൻഫീസ്, സ്പെഷ്യൽഫീസ്, ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിനുള്ള ചെലവ് (ABLC) പോക്കറ്റ്മണി എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനുപുറമെ മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവിനുള്ള ധനസഹായം, ലാപ്ടോപ് ധനസഹായ പദ്ധതി, സ്റ്റെതസ് കോപ്പ് ധനസഹായ പദ്ധതി, ബുക്ക് ബേങ്ക്, പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതിന് പ്രത്യേക പ്രോത്സാഹന ധനസഹായം, വിദേശത്തെ ഉന്നതനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് 25 ലക്ഷംരൂപ ധനസഹായം, മുതലായവ ആനുകൂല്യങ്ങളും നൽകിവരുന്നു. |
| (ബി) | സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് എന്തൊക്കെ വിദ്യാഭ്യാസാനുകൂല്യമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) | സ്വകാര്യസ്വാശ്രയ കോളേജുകളിൽ മെറിറ്റിലും റിസർവേഷനിലും പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ്, സ്പെഷ്യൽഫീസ്, ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിനുള്ള ചെലവ് (ABLC) എന്നിവ നൽകുന്നു. |

**സെക്ഷൻ ഓഫീസർ**